# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6362      31.10.2011-ൽ മറുപടിക്ക്

**ടേബിൾ ടെന്നീസ് കളി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) ടേബിൾ ടെന്നീസ് കളി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ടേബിൾ ടെന്നീസ് അസോസിയേഷന് അംഗീകാരം നൽകിയിട്ടുണ്ട്. അസോസിയേഷൻ ജില്ലാ-സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുകയും ദേശീയ മത്സരത്തിന് കായിക താരങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മൂന്ന് ടേബിൾ ടെന്നീസ് പരിശീലകരും അസോസിയേഷൻ പരിശീലകരും സംസ്ഥാനത്ത് ടേബിൾ ടെന്നീസ് കായിക താരങ്ങൾക്ക് പരിശീലനം നൽകിവരുന്നു; |
| (ബി) സ്കൂൾ കായിക മേളയിൽ വയനാട് ജില്ലയിലുള്ള ചെന്നലോട് യങ് സോൾജിയേഴ്സ് ടേബിൾ ടെന്നീസ് ക്ലബ്ബിന്റെ സംഭാവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്; |
| (സി) പ്രസ്തുത ക്ലബ്ബിനെ ദേശീയ തലത്തിലുള്ള പരിശീലനകേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) പ്രസ്തുത ക്ലബ്ബിനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഒരു സ്പോർട്സ് ട്രെയിനിംഗ് സെന്ററായി അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി 100000 രൂപ നൽകിയിട്ടുണ്ട്; |
| (ഡി) സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന മറ്റ് പരിശീലന കേന്ദ്രങ്ങളിലെ കുട്ടികൾക്ക് നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ ഈ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഒരു സ്പോർട്സ് ട്രെയിനിംഗ് സെന്റർ എന്ന നിലയിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതാണ്. ഡേ ബോർഡിംഗ് സെന്റർ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ